# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.812   12.06.2013-ൽ മറുപടിക്ക്**

## ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം കുടിവെള്ള കണക്ഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. തിലോത്തമൻ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം ചേർത്തലയിൽ എത്ര കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്; കുടിവെള്ള പദ്ധതി കുറ്റമറ്റരീതിയിൽ പ്രവർത്തിക്കണമെങ്കിൽ എത്ര കണക്ഷനുകൾ നൽകണമെന്ന് അറിയിക്കുമോ; ജപ്പാൻ കുടിവെള്ളം പൊതുജനങ്ങൾക്ക് ഉപയോഗിക്കാനായി എത്ര പൊതു ടാപ്പുകൾ ചേർത്തലയിൽ സ്ഥാപിക്കുമെന്ന് അറിയിക്കുമോ; ഇതിനോടകം എത്ര പൊതു ടാപ്പുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം ചേർത്തലയിൽ 15,836 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 40,000 മുതൽ 50,000 വരെ കണക്ഷനുകൾ നൽകേണ്ടതായി വരും. പദ്ധതിയുടെ ഭാഗമായി അധികം പൊതു ടാപ്പുകൾ ഉൾ പ്പെടുത്തിയിരുന്നില്ല. എന്നാൽ വരൾച്ച നേരിടുന്നതിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രിയുടെ അവലോകന യോഗത്തിൽ പ്രത്യേകം നിർ ദ്ദേശിച്ച പ്രകാരം ചേർത്തല താലൂക്കിൽ ഇപ്പോൾ 54 പൊതു ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) പട്ടികജാതി - പട്ടിക വർഗ്ഗ കോളനികളിലും ദുർബല വിഭാഗങ്ങൾ താമസിക്കുന്ന നാലു സെന്റും അതിൽ താഴെയുമുള്ള സെറ്റിൽ മെന്റ് കോളനികളിലും ജപ്പാൻ കുടിവെള്ളം ലഭിക്കുന്ന പൊതു ടാപ്പുകൾ സ്ഥാപിക്കുന്നുണ്ടോ; ഇവർക്ക് സൗജന്യമായി കുടിവെള്ളം ലഭിക്കുവാൻ ഈ പദ്ധതിയിലൂടെ സാധ്യമാകുമോ എന്ന് വ്യക്തമാക്കുമോ; | (ബി) പ്രസ്തുത വിഭാഗങ്ങൾക്ക് മാത്രം പ്രത്യേക പരിഗണന നൽകി പൊതു ടാപ്പുകൾ സ്ഥാപിക്കുന്നില്ല. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാ ഗാർഹിക കണക്ഷൻ എടുത്തവർക്കും അവരുടെ പ്രതിമാസ ഉപയോഗം 10,000 ലിറ്ററിൽ താഴെയാണെങ്കിൽ അതിന് വാട്ടർ ചാർജ്ജ് ഈടാക്കുന്നതല്ല. |

| | |
|---|---|
| (സി) ജപ്പാൻ കുടിവെള്ളം വ്യാവസായിക അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ നൽകാൻ പദ്ധതിയുണ്ടോ ; എങ്കിൽ വിശദമാക്കാമോ; ഇപ്രകാരം വെള്ളം വ്യാവസായികാവശ്യത്തിന് നൽകിയാൽ പൊതുജനങ്ങളുടെ കുടിവെള്ളം നഷ്ടമാകുന്ന സാഹചര്യം ഉണ്ടാകുമോ; വ്യവസായികമായി ജപ്പാൻ കുടിവെള്ളം വിൽക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിരക്ക് എത്രയാണെന്ന് അറിയിക്കാമോ; ഇതിന്റെ വ്യവസ്ഥകൾ വിശദമാക്കാമോ ? | (സി) ഈ പദ്ധതിയിൽ ജനങ്ങൾക്ക് നൽകേണ്ട കുടിവെള്ളത്തിനു പുറമേ 10.9 ദശലക്ഷം ലിറ്റർ വെള്ളം വ്യാവസായിക ആവശ്യങ്ങൾക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ പൊതുജനങ്ങളെ ബാധിക്കുന്ന പ്രശ്നമുണ്ടാകില്ല. ജപ്പാൻ കുടിവെള്ള പദ്ധതിയിലൂടെ വ്യാവസായിക ആവശ്യത്തിന് നൽകുന്ന വെള്ളത്തിന് പ്രത്യേക നിരക്ക് ഏർപ്പെടുത്തിയിട്ടില്ല. വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള റേറ്റ് ആണ് ബാധകം. ഇപ്പോൾ കിലോ ലിറ്ററിന് 25 രൂപയാണിത്. |

സെക്ഷൻ ഓഫീസർ